# ഭരണവും ധർമവും

ഇത് ബന്ധമില്ലാത്ത ഒരു തലക്കെട്ടായി തോന്നുന്നുണ്ടെങ്കിൽ അത് സാഹചര്യം നമ്മുടെ മനസ്സിലുണ്ടാക്കിയ അനുഭവങ്ങളിൽനിന്നുള്ള തോന്നലാകുന്നു. സത്യത്തിനു മുമ്പിൽ അസത്യത്തിനും ധർമത്തിനു മുമ്പിൽ അധർമത്തിനും നിലനിൽപില്ല. ഇതൊരു ശാശ്വത പരമാർഥമാണ്. ആത്യന്തികമായി മനുഷ്യജീവിതം ശാന്തിപൂർണമാകുന്നതിനുള്ള ദൈവത്തിന്റെ നിശ്ചയമാണത്.

ഭൂമിയിൽ ശാന്തി നിലനിൽക്കൽ പ്രകൃതിയുടെ ആവശ്യമാണ്. മനുഷ്യരുടെയും ആവശ്യമാണത്. വല്ലപ്പോഴും അധർമം ധർമത്തെ ജയിച്ചടക്കിയിട്ടുണ്ടെങ്കിൽ അത് കുഴപ്പങ്ങൾക്ക് കാരണമായിട്ടുണ്ട്. മനുഷ്യർ മാത്രമല്ല, ഭൂമുഖത്ത് ജീവിക്കുന്ന എല്ലാം അതിന്റെ ദുഷ്ഫലം അനുഭവിക്കുന്നുണ്ട്. അതിനാൽ തന്നെ ഭൂമിയിൽ സമാധാനം കാത്തുസൂക്ഷിക്കേണ്ടത് മനുഷ്യബാധ്യതയായി ദൈവം നിശ്ചയിച്ചു. ''ഭൂമിയിൽ അതിന്റെ സംസ്കരണം നടന്നതിനു ശേഷം നിങ്ങൾ അവിടെ കുഴപ്പമുണ്ടാക്കരുതെ''ന്ന് ദൈവം മനുഷ്യനെ ഉപദേശിച്ചത് ഭൂമിയിലെ കുഴപ്പത്തിന് നാരായവേര് മനുഷ്യനിൽ നിന്നുണ്ടാകുന്ന അധർമം ആയതിനാലാണ്.

ഭൂമിയിലെ സമാധാനം ആത്യന്തികമായി മനുഷ്യജീവിതത്തിന്റെ സ്വസ്ഥതയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് സൂചിപ്പിച്ചു. സഹജീവികളോടും പരിസ്ഥിതിയോടുമൊക്കെ അനിവാര്യവും അർഹവുമായ നീതിയോടെ പെരുമാറുന്നത് അവസാനവിശകലനത്തിൽ മനുഷ്യജീവിതം മെച്ചപ്പെടുന്നതിനുള്ള ഉപാധികളാകുന്നു. ഈ ഉപാധികളുടെ നേരെയുള്ള നിരാകരണമാണ് സ്വാർഥത്തിനായി നാം ചെയ്യുന്ന പ്രവൃത്തിയിലൂടെ സംഭവിക്കുന്നത്.

ഭൂമിയിലെ സമാധാനം നിലനിർത്താനുള്ള പ്രവർത്തനം മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളുമായി ബന്ധപ്പെട്ടിരിക്കുന്നു. അവിടെ ഒന്നും ഒഴിവല്ല. സ്വകുടുംബത്തോടുള്ള പെരുമാറ്റം മുതൽ സ്വന്തം ശരീരത്തോടുള്ള നീതിനിർവഹണം, തന്റെ വ്യവഹാരത്തിൽ വരുന്ന മേഖലകളിൽ പൂർണമായും നീതിയും ധർമവും പാലിക്കൽ തുടങ്ങി എല്ലാം ഭൂമിയിലെ സമാധാനത്തിന് അനിവാര്യമാകുന്നു. ലോകത്ത് നടന്നിട്ടുള്ള എല്ലാ വിപ്ലവങ്ങളും സമാധാനത്തിനു വേണ്ടിയെന്നാണ് ചരിത്രം വിലയിരുത്തിയിട്ടുള്ളത്. ഭരണകൂടങ്ങളെ അട്ടിമറിച്ചതും പുതിയവയെ അവരോധിച്ചതുമൊക്കെ അതേ ഉദ്ദേശ്യാർഥമാണെന്നാണ് പിൻതലമുറകളെ പഠിപ്പിച്ചിട്ടുള്ളത്. പക്ഷേ, അവസാനവിശകലനത്തിൽ മനുഷ്യൻ മനുഷ്യന്റെ മേൽ അധികാരം സ്ഥാപിക്കാൻ നടത്തിയ ശ്രമങ്ങളായിരുന്നു അവയൊക്കെ. കാരണം, അനേകം നിരപരാധരുടെ രക്തമൊഴുക്കാതെ ചരിത്രത്തിൽ ആ ശ്രമങ്ങളൊന്നും സ്ഥാനം പിടിച്ചിട്ടില്ല.

മൊത്തം മനുഷ്യരുടെ സമാധാനത്തിനു വേണ്ടി നടത്തപ്പെട്ട ശ്രമങ്ങൾ അപൂർവമാകുന്നു. അത് നടത്തിയത് പ്രവാചകന്മാരും അവരുടെ കാൽപാടുകൾ പിന്തുടർന്ന് അനുയായികളും നടത്തിയ വിമോചനശ്രമങ്ങളാകുന്നു. അതിലൂടെ മനുഷ്യർക്ക് സമാധാനം കൈവന്നിരുന്നു. ഇന്ന് സ്ഥിതി അതല്ല. ഭരണം കൈയാളുന്നത് സ്വന്തം അവകാശം നേടിയെടുക്കാനുള്ള ശ്രമമായി പരിണമിച്ചിട്ടുണ്ട്. ഭരണീയരും സാധാരണക്കാരും അവിടെ ശബ്ദവും വികാരവുമില്ലാത്തെ കാഴ്ചക്കാർ മാത്രം.

ഏത് സംരംഭങ്ങളായാലും നീതിയിലും ധർമത്തിലും അധിഷ്ഠിതമായ രീതിയിലാണെങ്കിൽ അത് മനുഷ്യജീവിതത്തിന് സമാധാനമേകും എന്നാണ് പറഞ്ഞുവരുന്നത്.

ഭരണരംഗം അതിൽനിന്നൊഴിവല്ല. അത് കൈയാളുന്നത് മനുഷ്യരാണെങ്കിലും ജീവിതത്തിന് നിയതി നിശ്ചയിച്ച രീതി അവിടെയും പാലിക്കൽ അനിവാര്യമാകുന്നു. മൃഗീയ ഭൂരിപക്ഷത്തോടെ, എത്ര വലിയ സന്നാഹത്തോടെ ഭരണം കൈയാളിയാലും അത് ധർമവും നീതിയും ഇല്ലാതെയാണെങ്കിൽ അത് കൂടുതൽ പ്രയാസങ്ങളുണ്ടാക്കും.

ഏതെങ്കിലും വിഭാഗം സുരക്ഷിതത്വം ഇല്ലാത്തവരായാൽ, മറ്റുള്ളവരാൽ അവരുടെ അവകാശം ഹനിക്കപ്പെട്ടാൽ അത് ഭരണപരാജയം മാത്രമായിരിക്കില്ല, ഈ ലോകത്തും മരണശേഷവും നീണ്ടുനിൽക്കുന്ന ഖേദത്തിനും ദുരന്തത്തിനും നിമിത്തവുമായിരിക്കുമെന്നു കൂടി തിരിച്ചറിയുക തന്നെ വേണം. അടിച്ചമർത്തപ്പെട്ടവരുടെയും മർദ്ദിതരുടെയും നെടുവീർപ്പുകൾ ദൈവം തട്ടിക്കളയുകയില്ല. അവിടെ ഭൗതികപ്രത്യയശാസ്ത്രങ്ങളൊന്നും രക്ഷക്കെത്തുകയില്ല.

ഭരണീയർ നിലവിട്ടു പെരുമാറാതിരിക്കാനും തീവ്രവാദത്തിന്റെ മാർഗത്തിലേക്ക് പ്രവേശിക്കാതിരിക്കാനും നിയമങ്ങളല്ല, അവർക്കു കൂടി ആശ്വാസം ലഭിക്കുന്ന രീതിശാസ്ത്രം ഭരണ നടത്തിപ്പിൽ സ്വീകരിക്കുകയാണാവശ്യം. ഭരണകൂടമാണ് അതിന് ഉത്തരവാദികൾ. ആ രംഗത്ത് ജാതിയോ വിഭാഗമോ പ്രശ്നമാകരുത്. തീവ്രവാദമായാലും മറ്റെന്തായാലും സാഹചര്യങ്ങളുടെ സൃഷ്ടിയാണെന്ന തിരിച്ചറിവ് പ്രധാനമാകുന്നു. അത് ഭരണകൂടങ്ങളുടെ ഭാഗത്തുനിന്നായാലും നീതിനിർവഹണരംഗത്തുനിന്നായാലും മറ്റുള്ളവരുടെ പക്ഷത്തുനിന്നായാലും ശരി, അത് മാനുഷികമോ ന്യായീകരണം അർഹിക്കുന്നതോ അല്ല.

എല്ലാം ദൗർഭാഗ്യകരമായ എല്ലാ സംഭവങ്ങളെയും ലാഘവബുദ്ധിയോടെ കാണുന്നതും അവയിൽനിന്ന് ജനശ്രദ്ധ തിരിക്കും വിധം മറ്റു ഇഷ്യൂകൾ ഉണ്ടാക്കുന്നതുമെല്ലാം കൊള്ളാം, അത് തന്നെപ്പോലെയുള്ള മനുഷ്യരുടെ നേരെയുള്ള കൈയേറ്റത്തിന് മറ്റുള്ളവർക്ക് സൗകര്യം ചെയ്തുകൊടുക്കലാണെന്ന പ്രാഥമിക തിരിച്ചറിവിന് വലിയ ആലോചനയുടെയും വിവരത്തിന്റെയുമൊന്നും ആവശ്യമില്ല.

ധർമത്തെയും സത്യത്തെയും ഹനിച്ചുകൊണ്ടല്ല ഭരണം കൈയാളേണ്ടത്, അവയെ മുറുകെ പിടിച്ചുകൊണ്ടാണ്. അതിനാണല്ലോ ദൈവത്തിന്റെ പേരിൽ അധികാരമേൽക്കുന്നത്.